നം. സി.ഇ.ഇ/2762/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# അസ്സീസിയ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് കോഴ്സ് പ്രവേശനം - 2008

**സൂചന:- ബഹു: സുപ്രീം കോടതിയുടെ W.P.(C) നം. 500/2008 മേലുള്ള 21.11.2008 ലെ ഉത്തരവ്.**

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജായ **കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് (AZC)** ലെ 50% എം.ബി. ബി.എസ്. സർക്കാർ മെരിറ്റ് സീറ്റിലേയ്ക്കും 50% മാനേജ്മെന്റ് സീറ്റിലേയ്ക്കും പഠിക്കുവാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ പട്ടിക നൽകുവാൻ, ബഹു: സുപ്രീം കോടതി, പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ **2008** ലെ എം.ബി.ബി.എസ് / ബി.ഡി.എസ് റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികളിൽ നിന്ന് ഓപ്ഷനുകൾ സ്വീകരിക്കുകയും, ഈ ഓപ്ഷന്റെ അടിസ്ഥാനത്തിൽ 50% സർക്കാർ മെരിറ്റ് സീറ്റുകളിലേയ്ക്ക് തയ്യാറാക്കിയ, എം.ബി.ബി.എസ് കോഴ്സിന് അർഹതയുള്ള, **50** വിദ്യാർത്ഥികളുടെ പട്ടിക **25.11.2008** ന് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സീറ്റുകളിലേയ്ക്ക് അർഹരായ **50** വിദ്യാർത്ഥികളും **28.11.2008 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരത്തുള്ള പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** നേരിട്ട് ഹാജരായി, ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ കൈപ്പറ്റി, **03.12.2008 നോ അതിനുമുമ്പോ** കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

കൂടാതെ, ഈ സ്ഥാപനത്തിലെ എം.ബി.ബി.എസ് കോഴ്സിന്, മാനേജ്മെന്റ് സീറ്റിലേക്കുള്ള വാർഷിക ട്യൂഷൻ ഫീസായ **4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം) രൂപ** നൽകി പഠിക്കുവാൻ താത്പര്യം രേഖപ്പെടുത്തിയ **15** വിദ്യാർത്ഥികളുടെ പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിദ്യാർത്ഥികൾ **03.12.2008 നോ അതിനുമുമ്പോ** നേരിട്ട് കോളേജിൽ ഹാജരായി, അഡ്മിഷൻ നേടേണ്ടതാണ്. ഇവർ ട്യൂഷൻ ഫീസായ **4.5 ലക്ഷം രൂപ** അഡ്മിഷൻ സമയത്ത് കോളേജിൽ അടയ്ക്കേണ്ടതാണ്.

തിരുവനന്തപുരം

25.11.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**